പാടശേഖര സമിതികൾക്കുള്ള പ്രവർത്തനസഹായവും അടിസ്ഥാന സൗകര്യ വികസനവും : ഗ്രൂപ്പ് ഫാമിങ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവിനും മോഡൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി 302 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

തരിശുനില നെൽ കൃഷി വികസനം : തരിശുനില നെൽ കൃഷി നടപ്പിലാക്കുന്നതിനായി 13 ജില്ലകളിൽ 1550 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 11500 രൂപ സബ്സിഡി നിരക്കിൽ 178.25 ലക്ഷം രൂപയും പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കട്ടനാട് പാക്കേജ് പദ്ധതിയനുസരിച്ച് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി 257.14 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 30000 രൂപ സബ്സിഡി നിരക്കിൽ 77.14 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. (ആകെ 255.39 ലക്ഷം രൂപ തരിശു നെൽ കൃഷി വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്.) ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയനുസരിച്ച് 315.07 ലക്ഷം രൂപയുടെ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. നെൽ കർഷകർക്ക് ഉത്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ആർ.കെ.വി.വൈ. പൊക്കാളി നെൽ കൃഷി വികസന പദ്ധതിയിൽ 696.5 ഹെക്ടർ പൊക്കാളി നെൽകൃഷി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിനായി 69.65 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

കാർഷിക കടങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന മൊറട്ടോറിയം

18 (*138) ശ്രീ. രാജു എബ്രഹാം :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക കടങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന മൊറട്ടോറിയം കാലാവധി അവസാനിച്ചുവോ ;

(ബി) മൊറട്ടോറിയം പ്രഖ്യാപിക്കുവാൻ ഇടയായ സാഹചര്യങ്ങളിൽ മാറ്റം വന്നതായി കരുതുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ മൊറട്ടോറിയം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇന്ത്യൻ ബാങ്കുകൾക്ക് പരമാവധി പ്രവർത്തന സ്വാതന്ത്ര്യം നൽകാനുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത തീരുമാനം കർഷകർക്കുള്ള വായ്പാ ലഭ്യതയെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ എന്നിവ സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള കാർഷിക കടങ്ങളുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികൾക്ക് ഏർപ്പെടുത്തിയിരുന്ന മൊറട്ടോറിയത്തിന്റെ കാലയളവ് 30-5-2014- ലെ സ.ഉ.(എംഎസ്.) നമ്പർ 224/14/റവ. ഉത്തരവ് പ്രകാരം 15-2-2015-ന് അവസാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

(ഡി) ഇന്ത്യൻ ബാങ്കുകൾക്ക് പരമാവധി പ്രവർത്തന സ്വാതന്ത്ര്യം നൽകാനുള്ള കേന്ദ്ര സർക്കാർ തീരുമാനം മാധ്യമങ്ങൾ മുഖേന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ പരിശോധിച്ചിട്ടില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനം

19 (*139) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനത്തിനും രൂപീകരണത്തിനും നിയമാനുസരണം പാലിക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിനും വിഭജിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) എന്തെല്ലാം മാനദണ്ഡങ്ങളാണ് ഇതിനായി സ്വീകരിച്ചത്; മാനദണ്ഡങ്ങൾക്ക് രൂപം നൽകിയതാരാണ് ; ഇതിനായി പൊതുജനാഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly